പമ്പാ റിസ്സോഴ്സ്

24 (2021) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുന്നപുലം വില്ലേജിൽ സ്ഥിതിചെയ്യുന്ന "പമ്പാ റിസ്സോഴ്സ്" എന്ന സ്ഥാപനം കഴിഞ്ഞ 3 മാസമായി അടച്ചുപൂട്ടിയിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റബ്ബർ ഉല്പാദകരായ കർഷകരും ഇതിലെ തൊഴിലാളികളും ഷെയർ എടുത്തിട്ടുള്ള ഈ സ്ഥാപനത്തിൽ റബ്ബർ മാർക്കറ്റിലെ വില ഏറ്റക്കുറച്ചിലിൽ വന്ന സാമ്പത്തിക നഷ്ടം മൂലം പ്രതിസന്ധിയിലെത്തിയ കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) നൂറോളം പേർക്ക് തൊഴിൽ നൽകുന്ന ഈ സ്ഥാപനം നിലനിർത്താനായി സർക്കാർ എന്തു നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ഡി) ഈ സ്ഥാപനത്തിലെ സാമ്പത്തിക പ്രതിസന്ധി തീർക്കാനും സ്ഥാപനം സുഗമമായി പ്രവർത്തിക്കാനും ലാഭകരമായ നിലയിലേക്ക് എത്തിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നൽകാനോ സ്ഥാപനത്തിന്റെ ഷെയർ എടുക്കാനോ ലോൺ നൽകാനോ നടപടി സ്വീകരിക്കാമോ ;

(ഇ) ഈ സ്ഥാപനത്തെ പീഡിത വ്യവസായമായി പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന ഗ്രാന്റുകൾ

25 (2022) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ 'ഹാപ്പി' വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ശ്രീമതി ലാലിക്കുട്ടി ജോസഫ് ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിലെ വ്യവസായ ഇംപ്ലിമെന്റിംഗ് ഓഫീസർക്കെതിരെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യവസായ ഗ്രാന്റ് പിൻവലിക്കുന്നത് സംബന്ധിച്ച് നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന വ്യവസായ ഗ്രാന്റുകൾ യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നൽകുന്ന വ്യവസായ ഗ്രാന്റുകൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന് കീഴിൽ വകമാറ്റി ചെലവ് ചെയ്യുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ നീക്കം തടയുന്നതിനും വ്യവസായ ഗ്രാന്റുകൾ വ്യവസായ ആവശ്യങ്ങൾക്ക് മാത്രമായി ചെലവഴിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(എഫ്) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യവസായ ഗ്രാന്റുകൾ ജില്ലാ പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെക്കുറിച്ച് നേരിട്ട് അന്വേഷണം നടത്തുന്നതിന് കരകൗശല വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിക്കൊണ്ട് വ്യവസായ വാണിജ്യ ഡയറക്ടർ 17-6-2000-ൽ ഉത്തരവിറക്കിയിട്ടുണ്ട്.

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന വ്യവസായ ഗ്രാന്റുകൾ യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യവസായ ഗ്രാന്റുകൾ ജില്ലാ പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ

26 (2023) ശ്രീ. കെ.പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ ആരംഭിക്കുമെന്ന തീരുമാനപ്രകാരം എത്ര ടെക്നോപാർക്കുകൾ ആരംഭിച്ചു ;

(ബി) എവിടെയൊക്കെയാണ് ആരംഭിച്ചതെന്ന് പറയാമോ ;

(സി) മറ്റു മണ്ഡലങ്ങളിൽ ആരംഭിക്കാതിരുന്നതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ ആരംഭിക്കുമെന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഓരോ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly